പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 865 13/06/2012-ൽ മറുപടിക്ക്

## ഗോത്ര സംസ്കൃതി-ട്രൈബൽ കോംപ്ളക്സ്

ചോദ്യം മറുപടി

ശ്രീ.കെ.വി.വിജയദാസ് : കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | എറണാകുളത്ത് നിർമ്മാണത്തിലിരിക്കുന്ന ഗോത്ര സംസ്കൃതി-ട്രൈബൽ കോംപ്ളക്സിന്റെ പണി എത്ര നാളുകൾക്കുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | എറണാകുളത്ത് ആരംഭിക്കുന്ന ട്രൈബൽ കോംപ്ളക്സിന്റെ നിർമ്മാണ പ്രവൃത്തി 2013 മാർച്ചിനകം പൂർത്തീകരിക്കുവാനാകുന്ന വിധത്തിൽ പുരോഗമിക്കുന്നു. |
| ബി) | ഇവിടെ എന്തെല്ലാം കർമ്മ പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ, | ബി) | കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നും എറണാകുളം നഗരത്തിൽ എത്തിച്ചേരുന്ന പട്ടികവർഗ്ഗക്കാർക്ക് താമസിക്കുന്നതിനും പട്ടികവർഗ്ഗക്കാരുടെ തനതു കലാപരിപാടികൾ അവതരിപ്പിക്കുന്നതിനു ഒരു സ്ഥിരം വേദിയായും പട്ടികവർഗ്ഗക്കാരുടെ കാർഷികോല്പന്നങ്ങളും കരകൗശല ഉല്പന്നങ്ങളും പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും വംശീയ വൈദ്യ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും വംശീയ ഭക്ഷ്യമേള നടത്തുന്നതിനും സമാന മേഖലയിൽ പ്രവർത്തിക്കുന്ന അന്യസംസ്ഥാന പട്ടികഗോത്രവർഗ്ഗക്കാരുമായുള്ള സമ്പർക്ക പരിപാടി നടത്തുന്നതിനും എറണാകുളം നഗരത്തിൽ ഒരു സ്ഥിരം സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെയാണ് ട്രൈബൽ കോംപ്ളക്സ് പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. |
| സി) | പി.എസ്.സി, ബാങ്ക്, റയിൽവേ, സിവിൽ സർവ്വീസ് മെഡി/എഞ്ചി. എൻട്രൻസ് കോച്ചിംഗ് എന്നിവയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനുള്ള പരിശീലന പരിപാടികൾക്ക് ഇവിടെ മുൻഗണന നൽകുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യമനുസരിച്ച് പി.എസ്.സി. പരീക്ഷയ്ക്ക് അതാതു ജില്ലകളിൽ പരിശീലനം നൽകി വരുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനു തിരുവനന്തപുരം പി.റ്റി.പി. നഗറിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ |

| | | | |
|---|---|---|---|
| | | | സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി രജി.നമ്പർ.445/93 എന്ന സ്ഥാപനവും പ്രവർത്തിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിലെ സയൻസു ബാച്ചുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രത്യേകമായി മെഡിക്കൽ എൻട്രൻസ് പ്രവേശന പരിശീലനം നൽകുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് പ്ലസ്ടു പരീക്ഷ പാസ്സാകാൻ സാദ്ധ്യതയുള്ളതും പ്രവേശന പരീക്ഷയ്ക്കു അപേക്ഷിച്ചതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്ലസ്ടു പരീക്ഷയ്ക്കു ശേഷം പ്രവേശന പരീക്ഷയ്ക്കു മുമ്പായി മെഡിക്കൽ എൻട്രൻസ് പരീക്ഷയ്ക്കു പ്രത്യേകമായി തീവ്ര പരിശീലനം നൽകുന്നു. അതിനു പുറമേ 2010-11, 2011-12 വർഷങ്ങളിൽ മെഡിക്കൽ പ്രവേശന പരീക്ഷയ്ക്കു തയ്യാറെടുക്കുന്നതിനായി പ്രത്യേക പരിശീലനം നടത്തിയിരുന്നു. ഈ സാഹചര്യത്തിൽ എറണാകുളത്ത് ആരംഭിക്കുന്ന ട്രൈബൽ കോംപ്ലക്സിൽ പ്രത്യേക പരിശീലന പരിപാടി നടത്തേണ്ട ആവശ്യം ഉള്ളതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ